# INTERNATIONAL INDIAN SCHOOL DAMMAM
SUMMATIVE ASSESSMENT I – SEPTEMBER 2014
MALAYALAM

CLASS –X | Time : 3Hrs. | Marks :90

## എ–വിഭാഗം

1. താഴെ കൊടുത്തിരിക്കുന്ന ഗദ്യഭാഗം വായിച്ച് ചോദ്യങ്ങൾക്ക് ഉത്തരമെഴുതുക. **(5x2=10)**

പ്രാചീനമനുഷ്യർ ഗുഹകളുടെ ചുവരുകളിൽ വരച്ച രേഖാചിത്രങ്ങളും ഛായാചിത്രങ്ങളും ആലേഖനം ചെയ്തിട്ടുള്ള പ്രാകൃതികഗുഹകളും പാറമടക്കുകളും ഗുഹാക്ഷേത്രങ്ങളും കൊണ്ട് ഭാരതം സമ്പന്നമാണ്. ഭാരതത്തിൽ നിലനിന്നിരുന്ന സംസ്കാരത്തിന്റെ സമ്പന്നതയും, ഹൈന്ദവ–ബുദ്ധ–ജൈനമത പാരമ്പര്യവും ശിൽപവിദ്യയും ചിത്രകലയും ഉൾക്കൊള്ളുന്നതുകൊണ്ടു തന്നെ ഗുഹാക്ഷേത്രചിത്രങ്ങൾ ഭാരതസംസ്കാരത്തിന്റെ ഏകതയുടെയും വൈവിധ്യത്തിന്റെയും പ്രതീകമായി കണക്കാക്കാം. ഭാരതത്തിലെ ഏറ്റവും പഴക്കമുള്ള ഗുഹാചൈത്യങ്ങൾ മൗര്യകാലത്തെയാണ്. നായാട്ടുരംഗങ്ങൾ, മൃഗരൂപങ്ങൾ, ഉപകരണങ്ങൾ, മനുഷ്യരൂപങ്ങൾ തുടങ്ങിയവയാണ് മിക്കതിലേയും ചിത്രങ്ങൾ ബി.സി.രണ്ടു മുതൽ എ.ഡി.അഞ്ചാം ശതകം വരെയാണ് ഗുഹാചൈത്യനിർമാണത്തിന്റെ ആദ്യ ഘട്ടമായി കണക്കാക്കുന്നത്. എ.ഡി രണ്ടാം ശതകത്തിൽ നിർമ്മിക്കപ്പെട്ട ഭാജാ, നാസിക്.കാഞ്ഞേറി എന്നിവയും എ.ഡി.അഞ്ചാം ശതകത്തിലെ അജന്ത, എല്ലോറ എന്നിവയും പ്രശസ്തമായ ചില ഗുഹാക്ഷേത്രങ്ങൾക്ക് ഉദാഹരണങ്ങളാണ്. കേരളത്തിലെ ഗുഹാക്ഷേത്രങ്ങളിൽ ശൈവസ്വാധീനമാണ് കൂടുതലായി കണ്ടു വരുന്നത്. വലിയ പാറയിൽ സമചതുരാകൃതിയിലും ദീർഘചതുരാകൃതിയിലും തുരന്നെടുത്ത അറകളാണ് കേരളത്തിലെ ഗുഹാക്ഷേത്രങ്ങൾ. എടയ്ക്കൽ, തെന്മല, മറയൂർ, തുടങ്ങിയ ഗുഹകളിലെ കൊത്തുപണികളും ചിത്രങ്ങളും മിസോലിത്ത്ക് കാലത്തെയാണെന്ന് ചരിത്രഗവേഷകർ കണ്ടെത്തിയിട്ടുണ്ട്. മനുഷ്യരൂപങ്ങൾക്കു പുറമേ സൂര്യപ്രതീകങ്ങളും സ്വസ്തികളും തലപ്പവ് ധരിച്ച മനുഷ്യരൂപവും കൊത്തിവച്ചിട്ടുള്ളത് എടയ്ക്കൽ ഗുഹയുടെ പ്രത്യേകതയാണ്.

1. ഭാരതത്തിലെ ഏറ്റവും പഴക്കമുള്ള ഗുഹാചൈത്യങ്ങളേതു കാലത്തുള്ളവയാണ്?
2. എടയ്ക്കൽ ഗുഹയുടെ പ്രത്യേകതകൾ എന്തെല്ലാം?
3. ഗുഹാക്ഷേത്രങ്ങളെ ഭാരതസംസ്കാരത്തിന്റെ ഏകതയുടെയും വൈവിധ്യത്തിന്റെയും പ്രതീകമായി കണക്കാക്കുന്നത് എന്തുകൊണ്ട്?
4. മിസോലിത്തിക് കാലത്തേതെന്ന് ചരിത്ര ഗവേഷകർ അവകാശപ്പെടുന്ന ചിത്രങ്ങൾ എവിടെയാണ് കാണപ്പെടുന്നത്?
5. പ്രശസ്തമായ ഗുഹാക്ഷേത്രങ്ങൾക്ക് ചില ഉദാഹരണങ്ങൾ എഴുതുക

## ബി- വിഭാഗം

II. ഏതെങ്കിലും ഒരു വിഷയത്തെക്കുറിച്ചു രണ്ടു പുറത്തിൽ കവിയാതെ ഉപന്യസിക്കുക **(7)**

1. യുവജനോത്സവം
2. മദ്യവും മയക്കുമരുന്നും
3. തൊഴിലധിഷ്ഠിത വിദ്യാഭ്യാസം

III. മായം ചേർത്ത ഭക്ഷണസാധനങ്ങൾ നിരോധിക്കണമെന്നാവശ്യപ്പെട്ടുകൊണ്ട് ആരോഗ്യമന്ത്രിക്ക് ഒരു കത്ത് തയ്യാറാക്കുക **(7)**

## സി- വിഭാഗം

IV. 1. പ്രയോഗം മാറ്റുക **(1)**

ഞാൻ കുറേക്കാലം തീവണ്ടിയിൽ കയറി സിനിമാപ്പാട്ടുകൾ പാടി കാശുണ്ടാക്കി

2. അർഥവ്യത്യാസം വരാതെ വിധിവാക്യത്തെ നിഷേധവാക്യമാക്കി മാറ്റുക **(1)**

നക്ഷത്രങ്ങൾ അതിഗാഢമായ തമസ്സിനെത്തുരന്ന് രശ്മികൾ നീട്ടി ദൂരെ പ്രകാശിക്കുന്നു.

3. അംഗവാക്യം അംഗിവാക്യം എന്നിവ വേർതിരിച്ചെഴുതുക **(1)**

പുത്രിക്കു സ്ഥിതിക്കധികനായ വരൻ മംഗല്യസൂത്രം ചാർത്തുന്ന മുഹൂർത്തത്തിൽ പിതാവിനുണ്ടാകുന്ന കൃതാർഥത ആ കുടുംബശൂന്യനുണ്ടായി.

4. വാക്യത്തിൽ തെറ്റുണ്ടെങ്കിൽ തിരുത്തുക **(1)**

ആ രോമഹർഷണമായ പിതൃവധം കേട്ടു വിഷണ്ണനായി ദുഃഖിച്ചിരുന്ന അയാൾ, ആ പിതൃഘാതി ഇപ്പോൾ യജ്ഞാശ്വവുമായി തൻെറ നാട്ടിൽ വന്നു കേറിയിരിക്കുന്നു.

V. 1. രണ്ടു പര്യായപദങ്ങൾ എടുത്തെഴുതുക **(2)**

1 ആവനാഴി

(തൂണം,ചാപം,തുണീരം,തൃണം)

2.വേദം

(തർക്കം,ശ്രുതി,മറ,വാദം)

2. നാനാർഥപദങ്ങൾ കണ്ടെത്തുക **(2)**

1.അങ്കം

(തിട്ട,യുദ്ധം,മടിത്തട്ട്,അവയവം)

2.രുചി

(നേട്ടം,ഇഷ്ടം,സ്വാദ്,അഭിനയം)

3. വിപരീതപദം എഴുതുക (2)

1.നിന്ദിക്കുക
(ശിക്ഷിക്കുക, ഭജിക്കുക, വന്ദിക്കുക, ക്ഷണിക്കുക)
2.ശ്രമം
(വിശ്രമം, പരിശ്രമം, ആശ്രമം, സ്വശ്രമം)

4. അർഥവ്യത്യാസം എഴുതുക (2)

1.പ്രമദം-പ്രമാദം
(വനം, തെറ്റ്, സന്താപം, ആഹ്ലാദം)
2.സിതം -ജിതം
(ജയം, വെളുത്തത്, ജീവിതം, നേർവഴി)

5. എതിർലിംഗം എഴുതുക (2)

1.അപരിചിതൻ
(അപരാചിത, പരിചിത, അപരാധി, അപരിചിത)
2.ഉടമസ്ഥൻ
(ഉടമസ്ഥിനി, ഉടമസ്ഥതി, ഉടമസ്ഥത, ഉടമസ്ഥ)

6. പിരിച്ചെഴുതി സന്ധി നിർണയിക്കുക (2)

1.പെറ്റമ്മ
2.ദുശ്ശളയെ

7. വിഗ്രഹിച്ചു സമാസം നിർണയിക്കുക (2)

1.ദിവസ്പതി
2.കടൽക്കാറ്റ്

VI ശരിയായ ഉത്തരം എടുത്തെഴുതുക (8x1/2=4)

1. കമലാദാസ് എന്ന പേരിൽ ഇംഗ്ലീഷിൽ കവിതകൾ രചിച്ചിരുന്ന മലയാള നോവലിസ്റ്റ് ആര്?
(എം.മുകുന്ദൻ, കുട്ടികൃഷ്ണമാരാർ, തകഴി, മാധവിക്കുട്ടി)
2, സ്വയം അന്തിയിലും വെളുപ്പിലും നിയതം ചിത്രവിരിപ്പ് നെയ്യുന്നത് ആര്?
(തമസ്സ്, സന്ധ്യ, സുമങ്ങൾ, ഉഡുക്കൾ)
3. അർജുനവിഷാദയോഗം എന്ന പാഠഭാഗം ഏതു കൃതിയിൽ നിന്നെടുത്തിട്ടുള്ളതാണ്?

(രാജാങ്കണം, സാഹിത്യഭൂഷണം, ഭാരതപര്യടനം, ദന്തഗോപുരം)

4. താഴെ തന്നിരിക്കുന്നവയിൽ നിന്ന് വള്ളത്തോൾ നാരായണമേനോൻ എഴുതിയ കൃതി എടുത്തെഴുതുക
(വീണപൂവ്, സാഹിത്യമഞ്ജരി, ഉമാകേരളം, കന്നികൊയ്ത്ത്)
5. ഉതുപ്പാൻെറ കിണർ ആര് എഴുതിയ കഥയാണ്?
(കാരൂർ നീലകണ്ഠപ്പിള്ള, മാധവിക്കുട്ടി, കുട്ടികൃഷ്ണമാരാർ, എം.മുകുന്ദൻ)
6. ആരുടെ ഉപദേശമനുസരിച്ചാണ് യുധിഷ്ഠിരൻ അശ്വമേധം യജിപ്പാൻ തീരുമാനിച്ചത്?
(അർജുനൻെറ, ശ്രീകൃഷ്ണൻെറ, ഭീമസേനൻെറ, വ്യാസൻെറ)
7. അറുമുഖത്തിൻെറ ഭാര്യ ചെറുപ്പക്കാരന് കമ്പിളിപ്പുതപ്പ് സമ്മാനിച്ചതിനുള്ള കാരണം?
(ജോലി വാഗ്ദാനം ചെയ്തതു കൊണ്ട്,അവളുടെ സ്വഭാവമഹിമ വർണിച്ചതുകൊണ്ട്, അയാൾ സംഗീതത്തെക്കുറിച്ചു സംസാരിച്ചതുകൊണ്ട്,അയാൾ പാവപ്പെട്ടവനായതുകൊണ്ട്)
8. മഹാകാവ്യം എഴുതാതെ മഹാകവിയായ കവിയാര്?
(വള്ളത്തോൾ നാരായണമേനോൻ, കുമാരനാശാൻ, ഉള്ളൂർ, എഴുത്തച്ഛൻ)

VII ഉത്തരമെഴുതുക (4x4=16)

1. സീത എന്തിനോടൊക്കെയാണ് യാത്ര പറയുന്നത്?
2. മാതൃഭാഷയുടെ പ്രാധാന്യത്തെ കവി എങ്ങനെയാണ് വ്യക്തമാക്കുന്നത്?
3. 'യാത്രാമൊഴി' എന്ന കവിതയിൽ സ്ത്രീസ്വാതന്ത്ര്യത്തിൻെറ എന്തെല്ലാം സൂചനകളാണ് ആശാൻ നൽകുന്നത്?
4. ചിത്തതാരിൽ പതിയുന്ന സ്വഭാഷയിലെയും അന്യഭാഷയിലെയും ജലകണങ്ങൾക്ക് എന്ത് സംഭവിക്കുന്നു എന്നാണ്കവി പറയുന്നത്?

VIII ഉത്തരമെഴുതുക (4x4=16

1. "ഒരു കൽത്തൊട്ടിയുണ്ടാക്കണം,പശുക്കളും വെള്ളം കുടിക്കട്ടെ"- ഉതുപ്പാൻെറ ഏതു സ്വഭാവസവിശേഷതയാണ് ഇവിടെ പ്രകടമാകുന്നത്?
2. ഭാരതയുദ്ധകഥയിലെ രോമഹർഷണമായ സന്ദർഭങ്ങളിലൊന്ന് ഏതാണ്?
3. ഇന്നത്തെ കാലത്ത് ജോലി ലഭിക്കാനുള്ള പ്രയാസത്തിന് എന്തെല്ലാം കാരണങ്ങളാണ് യുവാവ് ചൂണ്ടിക്കാട്ടുന്നത്?
4. മനുഷ്യനു നേരിടുന്ന ഇത്തരം ഉത്ക്കടക്ഷോഭങ്ങളുടെ മുമ്പിൽപ്പെട്ടാൽ അവൻെറ സുവിദഗ്ധമായ ഭാഷ എത്രമാത്രം തുച്ഛമാണെന്ന് നാമിവിടെ കാണുന്നു- ആശയം വ്യക്തമാക്കുക

IX ഏതെങ്കിലും രണ്ടു ചോദ്യങ്ങൾക്ക് ഉത്തരമെഴുതുക (2x6=12)

1. കടൽക്കരയിൽ കണ്ട ഓടക്കുഴൽപ്പക്ഷികളുടെ പ്രത്യേകത എന്ത്?

2. വൃക്ഷച്ചുവട്ടിലിരുന്ന അപ്പുവിനെ ദ്വീപുനിവാസികൾ എങ്ങനെയാനു സ്വീകരിച്ചത്?

3. അടുത്ത മുത്താമയാകാനുള്ള ഒരുക്കങ്ങൾ എന്തൊക്കെയായിരുന്നു?

**************